(ബി) ഇതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ ; പ്രോജക്ട് തയ്യാറാക്കുന്നതിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ ; പ്രോജക്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2014-15-ൽ നിറവ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട നിയോജക മണ്ഡലങ്ങളിൽ ഒന്നാണ് ആറ്റിങ്ങൽ. ടി നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 17-11-2014-നും 9-1-2015-നും യോഗംകൂടി പദ്ധതി രൂപീകരണത്തിനുള്ള പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രോജക്ട് തയ്യാറാക്കിവരുന്നു. 25-11-2011-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 2193/2011/കൃഷി പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള നിയോജക മണ്ഡലം കമ്മിറ്റിക്കാണ് പ്രോജക്ട് തയ്യാറാക്കുന്ന ചുമതലയുള്ളത്. ടി കമ്മിറ്റിയുടെ ചെയർമാൻ സ്ഥലം എം.എൽ.എ.-യും കൺവീനർ പ്രിൻസിപ്പൽ കൃഷി ഓഫീസറുമാണ്. ഇതിൽ ജില്ലാതല ഉദ്യോഗസ്ഥ പ്രതിനിധികളായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് വകുപ്പ്, ജലസേചന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, ആത്മ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

(സി) സംസ്ഥാനമൊട്ടാകെ നിറവ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ കൊക്കോ കൃഷി

170 (4209) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൊക്കോ കൃഷിയുടെ ഉത്പാദനവും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവും വർദ്ധിച്ച വരികയാണെന്ന പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊക്കോ കൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകുന്നുണ്ടോ ; എങ്കിൽ ഏത് ഏജൻസിക്കാണ് ഈ കൃഷിക്കാവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നത്

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊക്കോ കൃഷിയുടെ വ്യാപനംമൂലം അടയ്ക്കാ കൃഷിയിലും ഉത്പാദനത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടയ്ക്കാ കർഷകരെ ഈ രംഗത്ത് തുടരുന്നതിന് പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എക്ലോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ചിട്ടുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം സംസ്ഥാനത്ത് കൊക്കോ കൃഷിയുടെ ഉല്പാദനവും വിസ്തൃതിയും വർദ്ധിച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് മുഖേന കൊക്കോ കൃഷി വികസനത്തിനായി സഹായങ്ങളൊന്നും തന്നെ നൽകുന്നില്ല. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന കൊക്കോ കൃഷിക്ക് പ്രോത്സാഹനങ്ങളും ധനസഹായവും നൽകിവരുന്നു.

(സി) കൊക്കോ കൃഷി വ്യാപനം അടയ്ക്കാ കൃഷിയെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റബ്ബറിന്റെ ഉല്പാദനവും ഉപഭോഗവും

171 (4210) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റബ്ബറിന്റെ ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച കഴിഞ്ഞ പത്ത് വർഷത്തെ സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ റബ്ബർ ഉപയോഗിക്കുന്ന അഞ്ച് വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(സി) റബ്ബർ ഉപയോഗിച്ചുള്ള ഉല്പന്നങ്ങളുടെ വില നാൾക്കുനാൾ വർദ്ധിക്കുമ്പോഴും അസംസ്കൃത റബ്ബറിന്റെ വില നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly